## പതിമൂന്നാം കേരള നിയമസഭ
### പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2745 — 10.12.2014 -ൽ മറുപടിയ്ക്ക്

### ഭൂജല വകുപ്പ് കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ.സദാശിവൻ | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പു മന്ത്രി) |
| എ) ഭൂജലവകുപ്പ് 2010-11, 2011-12, 2012-13, 2013-14 വർഷങ്ങളിൽ കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ വിശദമാക്കാമോ; | എ) ഭൂജലവകുപ്പ് മുഖേന 2010-11, 2011-12, 2012-13 വർഷങ്ങളിൽ കായംകുളം മണ്ഡലത്തിൽ പ്രവൃത്തികൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. എന്നാൽ 2013-14-ൽ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിലെ പുതിയവിള കോളനിയിൽ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ചെറുകിട ജലവിതരണ പദ്ധതിയും അതേ ഗ്രാമ പഞ്ചായത്തിലെ പുലിത്തിട്ട കോളനിയിൽ ചെറുകിട ജലവിതരണ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) കായംകുളം മണ്ഡലത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്നും, പുതുതായി നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്നും വിശദമാക്കാമോ ? | ബി) ദേശീയ ഗ്രാമീണ ജലവിതരണ പദ്ധതി പ്രകാരം കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് പോച്ച കോളനിയിലും പത്തിയൂർ ഗ്രാമ പഞ്ചായത്ത് കരുമഠത്തല ഐ. എച്ച്. ഡി.പി.കോളനിയിലും ചെറുകിട ജല വിതരണ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ